പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1548

05-02-2019-ൽ മറുപടിക്ക്

## സ്വർണ്ണപ്പണയത്തിന്മേൽ കാർഷിക വായ്പ

**ചോദ്യം**

ശ്രീ. എൽദോസ്.പി കുന്നപ്പിള്ളിൽ

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വർണ്ണപ്പണയത്തിന്മേൽ കാർഷിക വായ്പയെടുക്കുന്നവരിൽ ഭൂരിപക്ഷം പേരും കർഷകരല്ലെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. ആകെ നൽകുന്ന കാർഷിക വായ്പകളിൽ 16% മാത്രമാണ് കിസാൻ ക്രെഡിറ്റ് കാർഡ് വഴി വിതരണം ചെയ്തിട്ടുള്ളത്. പൊതുമേഖലാ ബാങ്കുകൾ, അനർഹർക്ക് കാർഷിക വായ്പ നൽകുന്നത് അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് കൃഷി വകുപ്പ് മന്ത്രി റിസർവ്വ് ബാങ്ക് ഗവർണർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | സ്വർണ്ണപ്പണയത്തിന്മേൽ കാർഷികവായ്പ എടുത്തവരുടെ പട്ടിക കൃഷിവകുപ്പ് കൃഷിഭവന്റെ അടിസ്ഥാനത്തിൽ ശേഖരിച്ചിട്ടുണ്ടോ; | (ബി) | ശേഖരിച്ചിട്ടില്ല |
| (സി) | കാർഷിക വായ്പ യഥാർത്ഥ കർഷകർക്ക് ലഭ്യമാക്കുന്നതിന് കൃഷിവകുപ്പിന്റെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | കാർഷിക വായ്പ യഥാർത്ഥ കർഷകർക്ക് ലഭ്യമാക്കുന്നതിന് കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നത് സംബന്ധിച്ച് 08-10-2018 ൽ ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബാങ്ക് പ്രതിനിധികളുമായി ചേർന്ന യോഗത്തിൽ തീരുമാനം എടുത്തിരുന്നു. സ്വർണ്ണ പണയത്തിനു മേൽ കാർഷിക വായ്പ നൽകുമ്പോൾ റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡം പാലിക്കുവാൻ എസ്.എൽ.ബി.സി കൺവീനർ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ നിന്നും സ്വർണ്ണപ്പണയത്തിൻമേൽ വായ്പ നൽകുന്നത് വായ്പക്കാരിൽ നിന്നും കൃഷി സ്ഥലത്തിന്റെ നികുതി രസീത് വാങ്ങിയതിനുശേഷമാണ്. |

സെക്ഷൻ ഓഫീസർ